നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ

24 (*534) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ കേന്ദ്രങ്ങളിലും ഐ.ടി.ഐ, പോളിടെക്നിക്, എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലും നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ബി) നൈപുണ്യ പദ്ധതിയിലൂടെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) നടപടി സ്വീകരിച്ചുവരുന്നു. തൊഴിൽ രംഗത്ത് ഉയർന്ന നേട്ടം കൈവരിക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ International Skill Training and Employability Programme- ന്റെ ഭാഗമായി ISTEP ചാപ്റ്ററുകൾ ഐ.റ്റി.ഐ., എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ KASE മുഖേന സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ഉടങ്ങിക്കഴിഞ്ഞു. ഇതുവഴി സ്വയം സംരംഭകത്വം വളർത്തുകയും വ്യാവസായിക മേഖലയുമായുള്ള ബന്ധം സ്ഥാപിക്കുകയും ജോലിക്കാവശ്യമായ നൈപുണ്യ പരിശീലനം നൽകുകയുമാണ് ലക്ഷ്യമിടുന്നത്.

(ബി) നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ്, കൗശൽകേന്ദ്ര, സെക്യൂരിറ്റി, ഓയിൽ & റിഗ് തുടങ്ങിയ നൈപുണ്യ പദ്ധതികളിലൂടെ യുവജനങ്ങൾക്ക് സ്വദേശത്തും വിദേശത്തും ഉയർന്ന ശമ്പളത്തോടെ ജോലി ലഭിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരത്ത് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ ആഭിമുഖ്യത്തിൽ തുടങ്ങിയ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ്വഴി നഴ്സുമാർക്ക് വിദേശത്തേയ്ക്ക് വേണ്ടരീതിയിലുള്ള പരിശീലനം നൽകുകയും ജോലി സാദ്ധ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഗ്രാമങ്ങളിൽ ആരംഭിക്കുന്ന കൗശൽകേന്ദ്രവഴി യുവജനങ്ങളുടെ അഭിരുചി കണ്ടെത്തുകയും അനുയോജ്യമായ നൈപുണ്യ പരിശീലനം നൽകുവാനും അതോടൊപ്പം ഭാഷാപ്രാവീണ്യം കൈവരിക്കുവാനുമുള്ള സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുകാരണം യുവാക്കൾക്ക് നൈപുണ്യ വികസനം സാദ്ധ്യമാവുകയും ആഗോള തലത്തിൽത്തന്നെ ജോലി കിട്ടാവുന്ന തരത്തിൽ അവരുടെ നിലവാരം ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുകയും ചെയ്യും. ഇതുപോലെയുള്ള നൈപുണ്യ പദ്ധതികളിലൂടെ യുവജനങ്ങളുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ ഇല്ലാതാക്കുവാനും ഉയർന്ന ശമ്പളം ഉറപ്പാക്കുവാനും സാധിക്കും.

വ്യാജഡോക്ടർമാരുടെ ചികിത്സ

25 (*535) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജഡോക്ടർമാർ ചികിത്സ നടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഫലം വിശദമാക്കാമോ ;

(ബി) തിരുവനന്തപുരം ചുള്ളിമാനൂരിൽ സ്വകാര്യ ആശുപത്രിയിൽ വ്യാജ ഡോക്ടറുടെ ചികിത്സമൂലം ബാലിക മരിച്ചതിനെത്തുടർന്ന് എന്തൊക്കെ പരിശോധനയും അന്വേഷണവും നടത്തിയെന്നും അതിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും അറിയിക്കാമോ ;

(സി) ഇത്തരം സംഭവങ്ങൾ തടയാൻ സംസ്ഥാനവ്യാപകമായി സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഇടങ്ങളിലും പരിശോധന നടത്താൻ നടപടിയെടുക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഉണ്ട്. ഇപ്രകാരം ചില ഒറ്റപ്പെട്ട സംഭവങ്ങൾ പരാതിയായി ലഭിച്ചിട്ടുണ്ട്. മഞ്ചേരി ജില്ലാ ആശുപത്രിയിലെ സൈക്യാട്രിസ്റ്റ്, സൂപ്രണ്ട് എന്നിവരെ ധിക്കരിച്ചുകൊണ്ടും തന്നിഷ്ട പ്രകാരം സർക്കാർ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ടും പൊതുജനത്തെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടും മഞ്ചേരി സർക്കാർ ആശുപത്രിയിൽ ഒ.പി. സംഘടിപ്പിക്കുകയും മെഡിക്കൽ ബിരുദമോ പി.എച്ച്.ഡി. ബിരുദമോ ഇല്ലാതെ പേരിനുമുമ്പിൽ വ്യാജമായി ഡോക്ടർ എന്ന് എഴുതി പ്രദർശിപ്പിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly